# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4595 — 20/10/2011-ൽ മറുപടിയ്ക്ക്

## മത്സ്യഫെഡിലെ കരാർ നിയമനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) മത്സ്യഫെഡിലെ കരാർ നിയമനം ഉൾപ്പെടെ എത്ര ജീവനക്കാരുടെ നിയമനമാണ് മുൻ സർക്കാരിന്റെ കാലത്ത് നടന്നത്; | (എ) മുൻ സർക്കാരിന്റെ കാലത്ത് 40 സ്ഥിരം നിയമനം, 87 കരാർ നിയമനം, 115 ദിവസ വേതന നിയമനം, 36 ട്രെയിനി, 26 പീസ് റേറ്റ് ഉൾപ്പെടെ ആകെ 304 പേരുടെ നിയമനമാണ് നടന്നത്. |
| (ബി) ഇതിൽ ഏതെങ്കിലും നിയമനങ്ങളിൽ നിലവിലുള്ള നിയമങ്ങൾ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാതെയുണ്ടോ; | (ബി) മത്സ്യഫെഡിന്റെ സ്പെഷ്യൽ റൂളിന് പി.എസ്.സിയുടെ അംഗീകാരം ലഭിച്ചിട്ടില്ല. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ തിട്ടപ്പെടുത്തി സംവരണം പാലിച്ച് മാനദണ്ഡങ്ങൾക്കനുസൃതമായി നിയമനങ്ങൾ നടത്താൻ കഴിയുന്നതാണ്. നിലവിൽ മത്സ്യ ഫെഡിന്റെ പദ്ധതികൾ സുഗമമായി നടത്തുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് 40 സ്ഥിരം നിയമനം, 87 കരാർ നിയമനം, 115 ദിവസ വേതന നിയമനം, 36 ട്രെയിനി, 26 പീസ് റേറ്റ് ഉൾപ്പെടെ ആകെ 304 പേരുടെ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. |

(സി) മത്സ്യഫെഡ് വഴി മുൻ സർക്കാരിന്റെ കാലത്ത് സാധനങ്ങൾ വാങ്ങിയതിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മത്സ്യഫെഡ് വഴി മുൻ സർക്കാരിന്റെ കാലത്ത് സാധനങ്ങൾ വാങ്ങിയതിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നിട്ടുണ്ടോ എന്നുള്ള അന്വേഷണവും മറ്റും ഫിഷറീസ് രജിസ്ട്രാറുടെ 15/9/2011-ലെ എഫ്3/9479/11 നമ്പർ ഉത്തരവു പ്രകാരം 1969-ലെ കേരള സഹകരണ സംഘ ചട്ടം 65-ാം വകുപ്പ് അനുസരിച്ചുള്ള അന്വേഷണം നടത്തി വരികയാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ വിശദാംശങ്ങൾ ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

(ഡി) ക്രമക്കേട് നടന്നിട്ടുണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരായി എന്ത് നടപടിയാണ് എടുത്തിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഫിഷറീസ് രജിസ്ട്രാറുടെ 1969-ലെ കേരള സഹകരണ ചട്ടം 65-ാം വകുപ്പുപ്രകാരമുള്ള അന്വേഷണം കഴിഞ്ഞാൽ മാത്രമേ ഇക്കാര്യത്തിൽ നടപടികൾ കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

(ഇ) മത്സ്യഫെഡ് ഭരണ സമിതി തെരഞ്ഞെടുപ്പ് സമയത്ത് ഏതെങ്കിലും അംഗങ്ങൾ പ്രതിനിധാനം ചെയ്തിരുന്ന സംഘങ്ങൾക്ക് കുടിശ്ശിക ഉണ്ടായിരുന്നതായി പിന്നീട് മനസ്സിലായിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

(ഇ) ഉണ്ട്. മത്സ്യഫെഡ് മുൻ ചെയർമാൻ അംഗമായിരുന്ന മരുതൂർക്കുളങ്ങര- കുലശേഖരപുരം മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് 42,72,878/-രൂപ കുടിശ്ശിക ഉള്ളതായി കടാശ്വാസം ലഭിക്കുന്നതിന് റിപ്പോർട്ടു ചെയ്യുകയും അപ്രകാരം പ്രസ്തുത സംഘത്തിന്റെ കടങ്ങൾ എഴുതി തള്ളുകയും, അതു വഴി സംഘത്തിന് 14,44,950/- രൂപ വായ്പയുടെ ഓഹരി മൂലധനമായി ലഭിക്കുകയും ചെയ്തു. മത്സ്യഫെഡിൽ നടന്നുവരുന്ന 65-ാം വകുപ്പ് പ്രകാരമുള്ള വിശദമായ അന്വേഷണ വിഷയത്തിൽ ഇക്കാര്യവും ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ